(i) Alleged slowing down of the work of the Pazhassi Irrigation scheme in Cannanore District.

Mr Speaker: Shri N. E. Balaram has given a notice under Rule 61. I call upon the hon. Member to make a statement.

ശ്രീ. എൻ. ഇ. ബലറാം: സർ, ഒരു കാര്യം ഇറിഗേഷൻ മന്ത്രിയുടെ ശ്രദ്ധയിൽപെടുത്താൻ ഞാനാഗ്രഹിക്കുന്നു. പഴശ്ശി ജലസേചന പദ്ധതിയുടെ പ്രവർത്തനം കഴിഞ്ഞ രണ്ടുമാസക്കാലമായി മിക്കവാറും നിലച്ചിരിക്കുകയാണു്. അവിടെയുള്ള അസിസ്റ്റന്റു എൻജിനീയർമാരെ തിരിച്ചു വിളിച്ചിരിക്കുന്നതായിട്ടാണു് അറിയുന്നതു്. വിവരം ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരോടു് അന്വേഷിച്ചപ്പോഴും, ആ പദ്ധതിയുടെ പ്രവർത്തനം മുമ്പോട്ടു കൊണ്ടുപോകാനുള്ള സാദ്ധ്യത ഇല്ലെന്നാണു് അറിയാൻ കഴിഞ്ഞതു്. ഈ കൊല്ലം ഏതായാലും അതിന്റെ പ്രവർത്തനം ഒന്നും നടക്കാൻ ഇടയില്ല. വരുന്ന കൊല്ലത്തെ കാര്യം എന്തായിരിക്കുമെന്നു് അറിയാൻ നിവൃത്തിയില്ലെന്നാണു് ഞങ്ങൾക്കു് അറിയാൻ സാധിച്ചതു്. ഈ പ്രശ്നം ഒന്നരണ്ടു പ്രാവശ്യം ഡിസ്ട്രിക്റ്റു ഡവലപ്പ്മെന്റു് കൗൺസിലിൽ ചർച്ചാ വിഷയമായി. വ്യക്തമായ മറുപടിയൊന്നും ഉദ്യോഗസ്ഥന്മാരിൽനിന്നു കിട്ടിയില്ല. ഏതായാലും മൂന്നാമത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി, 40000 ഏക്കർ സ്ഥലത്തെ ജലസേചന സൗകര്യത്തിനു വേണ്ടി ആവിഷ്കരിച്ച ഒരു പദ്ധതിയായിരുന്നു ഇതു്. പഴശ്ശി ജലസേചന പദ്ധതിമൂലം പല ഗ്രാമങ്ങളിലും ജലസേചന സൗകര്യം ഉണ്ടാകുമായിരുന്നു. കണ്ണൂർ ജില്ലയിലെ ഏറ്റവും വലിയ ഒരു ജലസേചന പദ്ധതിയായിരുന്നു പഴശ്ശി പദ്ധതി. ഇതിനകം ചുരുക്കംചില പ്രവർത്തനങ്ങളും നടന്നിട്ടുണ്ടു്. 9 ലക്ഷം രൂപാവരെ ചെലവാക്കിയിട്ടുണ്ടു്. ഒന്നരണ്ടു റോഡുകളും നിർമ്മിച്ചിട്ടുണ്ടു്; ഉദ്യോഗസ്ഥന്മാർക്കു താമസിക്കാൻ ഒന്നോ രണ്ടോ കെട്ടിടങ്ങളും പണിതീർത്തിട്ടുണ്ടു്. ബാക്കി സ്ഥലം സർവ്വെ നടത്തുകയോ, അക്വിസിഷൻ നടപടികളും നടത്തുകയോ ഒന്നും ചെയ്തിട്ടില്ല. ഈ നിലയിൽ പോയാൽ അഞ്ചാറുകൊല്ലംകൊണ്ടും മുഴമിപ്പിക്കാൻ കഴിയുമോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. 40000 ഏക്കർ സ്ഥലത്തേക്കു് ജലസേചനസൗകര്യം ഉണ്ടാകുക എന്നു പറഞ്ഞാൽ വളരെ വലിയ ഒരു പദ്ധതിയാണതു്. മൈസൂറിൽനിന്നു വരുന്നരണ്ടു പുഴകളിലെ ജലം ഉപയോഗിച്ചു് ഒരു ഹൈഡ്രോ ഇലക്ട്രിക്കൽ പദ്ധതി നടപ്പാക്കാനായിരുന്നു ആദ്യം ശ്രമിച്ചതു്. മൈസൂർ ഗവണ്മെൻറിന്റെ തടസംമൂലം അതു സാധിച്ചില്ല. പിന്നെ ഒരു ജലസേചന പദ്ധതിയായി അതിന്റെ പ്രവർത്തനം ആരംഭിക്കാനാണു് തീരുമാനിച്ചതു്. കഴിഞ്ഞ രണ്ടു മൂന്നു കൊല്ലമായി ഇതിന്റെ പ്രവൃത്തി മെല്ലെമെല്ലെ ആരംഭിച്ചു് ഇപ്പോഴും പൊടുന്നനവേ എല്ലാ പ്രവർത്തനവും അവസാനിപ്പിച്ചിരിക്കുകയാണു്. കണ്ണൂർ ജില്ലയെ സംബന്ധിച്ചിടത്തോളം പറഞ്ഞാൽ, ചെറിയ ചില ജലസേചന പദ്ധതികളും കഴിഞ്ഞാൽ, ബാക്കി ആ ഡിസ്ട്രിക്റ്റിലെ മുഴുവൻ ആവശ്യവും മഴയെമാത്രം ആശ്രയിച്ചാണു് നടത്തിവരുന്നതു്. ആ ദുർഘടാവസ്ഥയ്ക്കു ഒരാശ്വാസമായിരുന്നു പഴശ്ശി പദ്ധതി. അതുകൊണ്ടു് 40000 ഏക്കർ സ്ഥലത്തു് ജലസേചന സൗകര്യം നൽകുന്നതിനും, 2000 ടൺ നെല്ലു് വിളയിക്കാനും സാധിക്കുമെന്നു റിപ്പോർട്ടിൽനിന്നു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടു്. ഇത്രയും അഭിവൃദ്ധിയുള്ള ഒരു പ്രധാന പദ്ധതി പെട്ടെന്നു നിറുത്തിക്കളയാൻ കാരണമെന്താണെന്നു മനസ്സിലാകുന്നില്ല.

സർ, ഈ കാര്യം ഇതിനുമുൻപു് ഒന്നരണ്ടു പ്രാവശ്യം അസംബ്ലിയിൽ ഉന്നയിച്ചിട്ടുള്ളതാണു്. ഇപ്പോഴും അറിയുന്നതു്, പ്ലാനിംഗ് കമ്മിഷന്റെ അംഗീകാരം കിട്ടിയിട്ടില്ല എന്നാണു്. അങ്ങനെ ഈ പദ്ധതിയുടെ പ്രവർത്തനം മിക്കവാറും ഇല്ലാതാകുമോ എന്നു ഭയപ്പെടുകയാണു്. ഈ പദ്ധതി നിറുത്തിക്കളയരുതെന്നും; തുടർന്നു നടത്താൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നും, കണ്ണൂർ ഡിസ്ട്രിക്റ്റിലെ പഞ്ചായത്തു മെമ്പറന്മാർചേർന്ന ഒരു സമ്മേളനത്തിൽ പ്രമേയം പാസ്സാക്കിയിട്ടുണ്ടു്. ഈ കൊല്ലംതന്നെ നല്ലൊരുഭാഗം പണി തുടർന്നു നടത്തണമെന്നും ആവശ്യപ്പെട്ടിട്ടുണ്ടു്. ആ ജില്ലയിലെ ഉല്പാദനത്തെ സാരമായി സഹായിക്കുന്നതും, ഗ്രാമങ്ങളിലെ വൻപിച്ച ഒരു

LIBRARY ARCHIVES Kerala Legislative Assembly

വിഭാഗത്തിനു് ജലസേചന സൗകര്യം നൽകുന്നതുമായ ഈ പദ്ധതി മുമ്പോട്ടു കൊണ്ടുപോകുന്നതിനു് വേണ്ട നടപടികളും സ്വീകരിക്കണമെന്നു് ബഹുമാനപ്പെട്ട മന്ത്രിയോടു് അഭ്യർത്ഥിക്കുകയാണു്.

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്): സർ, ഈ വിഷയം കഴിഞ്ഞ നിയമസഭ നടന്നുകൊണ്ടിരുന്ന അവസരത്തിലും പലതവണ ഈ സഭയിൽ ഉന്നയിച്ചിട്ടുള്ളതും, അപ്പോൾ ഇതിന്റെ വിശദാംശങ്ങളെപ്പറ്റി പറഞ്ഞിട്ടുള്ളതുമാണു്. മൂന്നാം പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ചില പദ്ധതികളെ സംബന്ധിച്ചിടത്തോളം പ്ലാനിംഗു് കമ്മീഷന്റെ ടെക്നിക്കൽ ക്ലീയറൻസു് കിട്ടിയിട്ടില്ല. അതു കിട്ടണമെന്നു കാണിച്ചു് നേരിട്ടു ചർച്ചകളും നടത്തിയും നിവേദനംമൂലവും ഇൻഡ്യാ ഗവണ്മെൻറിനോടാവശ്യപ്പെട്ടിട്ടുണ്ടു്. സെൻട്രൽ വാട്ടർ പൗവ്വർ കമ്മിഷൻ, ഇതു വേണ്ടിടത്തോളം പരിഗണന നൽകി കഴിയുന്നതും വേഗം ടെക്നിക്കൽ ക്ലീയറൻസു് നൽകുന്നതിനു നിർദ്ദേശം നൽകീയിട്ടുണ്ടു്. എന്നുമാത്രമല്ല, ഒരു ആഫീസറെ സ്പെഷ്യലായിട്ടു് അവിടെ അയയ്ക്കണമെന്നു നിർദ്ദേശിച്ചതനുസരിച്ചു് ഈ കാര്യം ഡിസ്കസ്സുചെയ്യാൻ ഒരു ആഫീസറെ ദൽഹിയിലേക്കു് അയച്ചിട്ടുണ്ടു്. അതു സംബന്ധിച്ചു ഡിസ്കഷൻ ആരംഭിച്ചിരിക്കണം. ഇതാണു് ഇതുസംബന്ധിച്ചു ഇന്നത്തെ സ്ഥിതി, രണ്ടാം പദ്ധതിയിലായാലും മൂന്നാം പദ്ധതിയിലായാലും ഏറെറടുത്തിട്ടുള്ള വർക്കുകളും എല്ലാം ടെക്നിക്കൽ ക്ലീയറൻസിനു കാത്തിരിക്കാതെ പണം ചെലവുചെയ്യുകയും, അതിനു് ഇൻഡ്യാ ഗവണ്മെൻറു അനുവദിക്കുകയും ചെയ്തിരുന്നു. സാമ്പത്തികമായ പ്രയാസങ്ങൾകൊണ്ടായിരിക്കുമോ എന്നറിഞ്ഞില്ല, ടെക്നിക്കൽ ക്ലീയറൻസു കിട്ടുന്നതിനുമുൻപു് പണിയൊന്നും തുടങ്ങരുതു് എന്നു കേന്ദ്രഗവണ്മെൻറിൽനിന്നു കർശനമായ നിർദ്ദേശം തന്നിട്ടുണ്ടു്. ഈ പദ്ധതിയുടെ പണി ഇപ്പോൾ നടത്തുന്നില്ല എന്നല്ലാതെ അതു നിറുത്തിവച്ചിട്ടില്ല. പണി തുടർന്നു നടത്തി പൂർത്തിയാക്കിയിട്ടില്ലെന്നേയുള്ളു; പണി നിറുത്തിവച്ചിട്ടില്ല. ഈ പദ്ധതി മൂന്നാം പദ്ധതിയിൽ നിന്നു് ഒഴിവാക്കാൻ ഉദ്ദേശിച്ചിട്ടില്ല. കേന്ദ്രഗവണ്മെൻറിന്റെ അനുവാദം കിട്ടുന്നതിനു് മുൻപു് ഇനി പണി തുടങ്ങരുതെന്നാണു് നിർദ്ദേശം. ആ സ്ഥിതിക്കു് സ്റ്റാഫിനെ വെറുതെ നിറുത്തി ശമ്പളം കൊടുക്കേണ്ടാ എന്ന കരുതിയിട്ടാണു് ചിലരെ മറ്റു സ്ഥലങ്ങളിലേക്കു് മാററി നിയമിച്ചതു്. അതുകൊണ്ടു് ഈ പദ്ധതി ഉപേക്ഷിച്ചതായി കണക്കാക്കണമെന്നില്ല. ഇൻഡ്യാ ഗവണ്മെൻറിന്റെ നിർദ്ദേശം അനുസരിച്ചുമാത്രമാണു് ഈ പദ്ധതിയുടെ പണി തൽക്കാലം നിറുത്തിവച്ചതു്. ഇക്കാര്യത്തെ സംബന്ധിച്ചു് അടുത്ത ദിവസങ്ങളിൽ നടന്ന രണ്ടു കാൺഫറൻസുകളിലും സംബന്ധിച്ചിരുന്നവർ ഇതിന്റെ നടത്തിപ്പിനെപ്പറ്റി സംസാരിച്ചിട്ടുണ്ടു്. വാട്ടർ പൗവ്വർ കമ്മീഷൻ ഈ വിഷയത്തെ കാര്യമായി പരിഗണിച്ചിട്ടുണ്ടു്. സംസ്ഥാനത്തെ എം. പി. മാർ എല്ലാവരും ഉൾപ്പെട്ട ഒരു കാൺഫറൻസിലും ഈ വിഷയം ചർച്ചചെയ്തുകയുണ്ടായി. സംസ്ഥാന ഗവണ്മെൻറിനു് സ്വന്തനിലയിൽ കുറെ പണം ചെലവാക്കാൻ കഴിയുമായിരുന്നെങ്കിൽ കേന്ദ്രഗവണ്മെൻറിന്റെ അനുവാദം പ്രതീക്ഷിച്ചുകൊണ്ടു് ഈ പദ്ധതി തുടർന്നു നടത്താമായിരുന്നു. അതിനു തൽക്കാലം നിവൃത്തിയില്ല. ഈ പദ്ധതി ഇപ്പോൾ നിറുത്തിവച്ചിട്ടുള്ളതു് കഴിയുന്നതുംവേഗം ഏറെറടുത്തു നടത്താൻ എല്ലാ നടപടികളും കൈക്കൊള്ളുന്നതാണു്.

Mr. Speaker : Now, we pass on to the next item in the list of business.

Presentation of Report.

Shri K. V. Narayanan: Sir, I, Chairman of the Committee on Private Members' Bills and Resolutions present the First Report of the Committee in 1964.

Debate on the Governor's Address (*contd.*)

Mr. Speaker: We will resume the Debate on the Governor's Address. I call upon Shri Baby John to speak. The Member can take only 10 minutes.

LIBRARY ARCHIVES Kerala Legislative Assembly